# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4301** — **24/10/2016-ൽ മറുപടിക്ക്**

## ഗുണനിലവാരമില്ലാത്ത മരുന്നുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 ഏപ്രിൽ 1 നും സെപ്റ്റംബർ 30 നും ഇടയ്ക്ക് എത്ര മരുന്നുകൾ വിപണനം ചെയ്യുന്നതിൽ നിന്നും വിലക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 ഏപ്രിൽ 1 നും സെപ്റ്റംബർ 30 നും ഇടയ്ക്ക് 54 മരുന്നുകൾ വിപണനം ചെയ്യുന്നതിൽ നിന്നും വിലക്കിയിട്ടുണ്ട്. |
| ബി) | ഗുണനിലവാരമില്ലാത്ത മരുന്നുകൾ ചില സ്വകാര്യ ആശുപത്രികളിൽ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സ്വകാര്യ ആശുപത്രികളുടെ ഫാർമസികൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സംസ്ഥാനത്തെ സ്വകാര്യമേഖലയിലുള്ള ആശുപത്രികളിലെ ഫാർമസികൾക്കെല്ലാം തന്നെ കർശനമായും ഡ്രഗ്സ് ലൈസൻസുകൾ നൽകി ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന രീതിയിൽ ആണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ക്ലിനിക്കുകളും ഡിസ്പെൻസറികളും വഴി രോഗികളെ ചികിത്സിച്ച് അവർക്ക് നേരിട്ട് ഡോക്ടർ തന്നെ മരുന്ന് നൽകുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള ഡ്രഗ്സ് ലൈസൻസ് ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ Schedule K – യിൽ അനുശാസിക്കുന്ന രീതിയിൽ മരുന്നുകൾ കൈകാര്യം ചെയ്താൽ മതിയാകും. മേൽപ്പറയുന്ന രണ്ട് തരം സ്ഥാപനങ്ങളും മരുന്നുകൾ അവയുടെ ലേബലിൽ കാണിച്ചിരിക്കുന്ന MRP – യിൽ കൂടുതൽ ഈടാക്കുവാൻ അനുവാദമില്ല. ഇപ്രകാരം അധിക വില ഈടാക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ നിരീക്ഷിച്ചു വരുന്നുണ്ട്. |

➡

| | | | |
|---|---|---|---|
| **സി)** | സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകൾ വിപണിയിലെത്തു-ന്നതിനും രോഗികൾക്ക് ഫലപ്രദമായ മരുന്ന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | **സി)** | നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും കർശനമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അവ വിപണിയിലെത്തിക്കുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാരസ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ് /പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം എന്നി-വിടങ്ങളിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തു-ന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

Seena

**സെക്ഷൻ ഓഫീസർ**